# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1047 11.02.16 -ലെ മറുപടിയ്ക്ക്

## വിദേശ സർവ്വകലാശാലകളുടെ കടന്നുവരവ്

*ചോദ്യം*
ശ്രീമതി. കെ. എസ്. സലീഖ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് വിദേശ സർവ്വകലാശകളെ കൊണ്ടുവരുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; അതു സംബന്ധിച്ച് എന്തെങ്കിലും പഠനം ഉന്നതവിദ്യാഭ്യാസ വകുപ്പ് നടത്തിയോ; വ്യക്തമാക്കുമോ; | (എ) | വിദേശ സർവ്വകലാശാലകൾ കൊണ്ടുവരാനുള്ള തീരുമാനം എടുക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. അതിനുള്ള പഠനമൊന്നും നടത്തിയിട്ടില്ല. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികൾ, വിദ്യാഭ്യാസ വിചക്ഷണർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുമായി എന്തെങ്കിലും ചർച്ച ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയോ; വിശദമാക്കുമോ; ഇല്ല എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ആഗോള വിദ്യാഭ്യാസ സംഗമത്തിൽ സ്വദേശീയരും വിദേശീയരുമായ വിദ്യാഭ്യാസ വിചക്ഷണർ, അദ്ധ്യാപകർ എന്നിവർ പങ്കെടുത്തിരുന്നു. സംഗമത്തിന്റെ തീരുമാനമായി കോവളം ഡിക്ലറേഷൻ മുഖേന, കേന്ദ്ര-സംസ്ഥാന സർക്കാരുകളോടും വിദ്യാർത്ഥി സമൂഹത്തോടും ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ പ്രാവർത്തികമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. |
| (സി) | ഇതുമായി ബന്ധപ്പെട്ട ആഗോള വിദ്യാഭ്യാസ സംഗമം എവിടെവച്ച് എന്നാണ് നടന്നതെന്നും ഇത് ഉദ്ഘാടനം ചെയ്തത് ആരാണെന്നും ഇതിൽ മുഖ്യമന്ത്രിയോ | (സി) | ജനുവരി 29,30 തീയതികളിൽ തിരുവനന്തപുരത്ത് (കോവളത്ത്) വെച്ചാണ് ആഗോള വിദ്യാഭ്യാസ സംഗമം നടന്നത്. ഇത് ഉദ്ഘാടനം ചെയ്തത് പ്രൊഫ. വില്യം ജി. ടേർനിയാണ് (പ്രൊഫസർ ഓഫ് ദി യൂണിവേഴ്സിറ്റി ഓഫ് സതേൺ കാലിഫോർണിയ), മുഖ്യമന്ത്രിയും |

| | | | |
|---|---|---|---|
| | വിദ്യാഭ്യാസവകുപ്പ് മന്ത്രിയോ പങ്കെടുത്തോയെന്നും ഇല്ല എങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ; | | വിദ്യാഭ്യാസ മന്ത്രിയും പങ്കെടുത്തില്ല. |
| (ഡി) | പ്രസ്തുത സംഗമത്തിന് സംസ്ഥാനത്തെ സർവ്വകലാശാലകളുടെ അധിപനായ ബഹു. ഗവർണ്ണറെ ക്ഷണിച്ചിരുന്നോ; വ്യക്തമാക്കുമോ; | | ബഹു. ഗവർണ്ണറെ ക്ഷണിച്ചിരുന്നു. അസൗകര്യം കാരണം അദ്ദേഹത്തിന് വരാൻ കഴിയില്ലെന്ന് അറിയിച്ചിരുന്നു. |
| (ഇ) | പ്രസ്തുത സംഗമത്തിന് ഏതെല്ലാം വിദേശ രാജ്യത്തെ പ്രതിനിധികൾ പങ്കെടുത്തുവെന്നും ഇതിന്റെ പേരിൽ എത്ര തുക സർക്കാർ ഖജനാവിൽ നിന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | | യു.കെ., യു.എസ്.എ., ജർമ്മനി, യു.എ.ഇ., ഐർലന്റ്, ഓസ്ട്രേലിയ, ന്യൂസിലാന്റ്, ഒമാൻ, മലേഷ്യ, എന്നീ വിദേശ രാജ്യങ്ങളിലെയും യു.എൻ- ന്റെയും പ്രതിനിധികൾ പങ്കെടുത്തു. ഏകദേശം 7,00,000/- രൂപ വിദേശികളുടെ യാത്രയ്ക്കും, താമസത്തിനും ചിലവഴിച്ചു. |
| (എഫ്) | അധ്യാപകരും വിദ്യാർത്ഥികളും സമൂഹവും സർക്കാരും സമർപ്പണ ബുദ്ധിയോടുകൂടി ഒത്തൊരുമിച്ച് പ്രവർത്തിച്ച് ഉന്നത വിദ്യാഭ്യാസരംഗം ആഗോളസ്ഥാനം നേടണമെന്ന ബഹു. ഗവർണ്ണർ ജസ്റ്റിസ്. പി. സദാശിവം പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അഭിപ്രായം സഫലമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | എല്ലാ വിഭാഗവുമായി ചർച്ച നടത്തിയ ശേഷം മാത്രമേ തീരുമാനമെടുക്കുകയുള്ളൂ. |
| (ജി) | വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലുൾപ്പെടുന്നതിനാൽ | | വിദേശ മുതൽ മുടക്കിനെപറ്റി ഉന്നത |

| | | | |
|---|---|---|---|
| | നിലവിലുള്ള ചട്ടമനുസരിച്ച് വിദേശ മുതൽ മുടക്ക് അസാധ്യമായിരിക്കെ ഇത്തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനം എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | | വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടില്ല. പ്രൈവറ്റ് യൂണിവേഴ്സിറ്റിയുടെ സാധ്യതയെ പറ്റി മാത്രമേ കൗൺസിൽ പഠനം നടത്തിയിട്ടുള്ളൂ. |

**സെക്ഷൻ ഓഫീസർ**